റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ)

(എ) സംസ്ഥാനത്ത് ആകെ 28,588.159 ഹെക്ടർ ഭൂമിയ്ക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തിന് അപേക്ഷിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഔദ്യോഗിക അംഗീകാരം 31-2-1995 -ൽ മാത്രമാണ് ലഭിച്ചത്. എന്നാൽ മേൽപ്പറഞ്ഞ ഭൂമിയിൽപ്പെട്ട ഇടുക്കി ജില്ലയിലെ 12323 പേരുടെ കൈവശത്തിലുള്ള സി. എച്ച്. ആർ. ഭൂമിയ്ക്ക് മേൽപ്പറഞ്ഞ തരത്തിലുള്ള അനുവാദം ആവശ്യമില്ല എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കോടതി വിധിക്കു വിധേയമായി എന്ന വ്യവസ്ഥയിൽ 15-2-1993-നും 23-11-1994-നും ഇടയ്ക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈ പട്ടയങ്ങൾക്കും നിയമപ്രാബല്യം നൽകാൻ ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-3-1995-ൽ ലഭിച്ച കേന്ദ്രാനുവാദത്തിന്റെയും ഹൈക്കോടതിയിൽ നിന്ന് ഈ ഗവൺമെന്റ് സമ്പാദിച്ച അനുകൂല ഉത്തരവിന്റെയും അടിസ്ഥാനത്തിൽ 1999 നവംബർ മുതൽ 31-3-2001 വരെ 13,284 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 20,462 കേസുകളിൽ ഭൂമി പതിവുത്തരവുകൾ നൽകിയിട്ടുണ്ട്. അപേക്ഷകർ ഭൂമി വിലയും നഷ്ടപരിഹാരത്തുകയും അടയ്ക്കുന്ന മുറയ്ക്ക് പതിവുത്തരവുകൾ നൽകിയ കേസുകളിൽ പട്ടയവിതരണം നടത്തുന്നതാണ്. ബാക്കി 5788 കേസുകളിൽ പട്ടയവിതരണ നടപടികൾ പൂർത്തിയാക്കാനുണ്ട്.

(സി) ഒ. പി. നം. 14276/93 -ലെ 7/10/99-ലെ ഹൈക്കോടതി വിധി ന്യായത്തിനെതിരെ നേച്ചർലവേഴ്സ് മൂവ്മെന്റ് എസ്.എൽ.പി.സി 3719/2000 നമ്പരായി സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

താലൂക്ക് വിഭജനം

27 (*148) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്കുകൾ വിഭജിച്ച് പുതിയ താലൂക്കുകൾ ഉണ്ടാക്കുന്ന നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്ക് വിഭജനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) താലൂക്ക് വിഭജനം നടത്താൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) താലൂക്ക് വിഭജനം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(എഫ്) ഏതെല്ലാം താലൂക്കുകളാണ് വിഭജനം നടത്താൻ സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) :

(എ) പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി,ഇ&എഫ്) സെൻസസ് ഡയറക്ടർ ജനലറിന്റെ നിർദ്ദേശമനുസരിച്ച് അതിർത്തി വ്യതിയാനങ്ങൾ 31-3-2001-വരെ നിറുത്തി വച്ചിരിക്കുകയാണ്. മാത്രവുമല്ല, സർക്കാരിന് വളരെയധികം സാമ്പത്തിക ഭാരമുണ്ടാക്കുന്ന കാര്യമാണ് താലൂക്ക് വിഭജനം. എന്നിരുന്നാലും ജനസംഖ്യയുടെയും വിസ്തീർണത്തിന്റെയും അടിസ്ഥാനത്തിലും സാമൂഹികവും ഭൂമിശാസ്ത്രപരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്തും ചില താലൂക്കുകൾ വിഭജിക്കുന്നകാര്യം സജീവമായി പരിഗണിച്ചു വരികയാണ്. ഏതെല്ലാം താലൂക്കുകളാണ് രൂപീകരിക്കേണ്ടതെന്നുള്ളതിനെ സംബന്ധിച്ച് ഒരു തീരുമാനം ഉടൻതന്നെ എടുക്കുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വനം വകുപ്പിന്റെ വാഹനങ്ങൾ

1 (759) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിൽ ഇപ്പോൾ എത്ര വാഹനങ്ങൾ നിലവിൽ ഉണ്ടെന്നും അവയുടെ ഇനം തിരിച്ചുള്ള കണക്കും അറിയിക്കുമോ ;

(ബി) പ്രസ്തുത വാഹനങ്ങളിൽ മൊത്തത്തിൽ എത്ര ദിവസക്കൂലി/ പി. എസ്.സി. നിയമനം ലഭിച്ച ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട് ;

(സി) വകുപ്പിന്റെ കീഴിലുള്ള എല്ലാ വാഹനങ്ങൾക്കും പി. എസ്. സി. വഴി ഡ്രൈവർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) വകുപ്പിന്റെ കീഴിൽ എത്ര കേസിൽ കണ്ടുകെട്ടിയ വാഹനങ്ങൾ ഇപ്പോൾ ഉപയോഗിക്കുന്നുണ്ട് ;

(ഇ) വനം വകുപ്പിനു വേണ്ടി മോട്ടോർ സൈക്കിളുകൾ വാങ്ങിയിട്ടുണ്ടോ ;

(എഫ്) പല മോട്ടോർ സൈക്കിളുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) വനംവകുപ്പിലെ വാഹനങ്ങളുടെ ആകെ മേൽനോട്ടത്തിന് ഒരു 'വെഹിക്കിൾ സെൽ' രൂപീകരിക്കുമോ ?

ഉത്തരം

(എ) വനംവകുപ്പിൽ ഇപ്പോൾ ആകെ 573 വാഹനങ്ങൾ ഉണ്ട്. അവയുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു.

കാർ	45
ജീപ്പ്	259
ലോറി	5
മോട്ടോർ സൈക്കിൾ	207

LIBRARY ARCHIVES Kerala Legislative Assembly